**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2113 — 18/07/2016-ൽ മറുപടിയ്ക്ക്

## മോഡൽ നഴ്സറി സ്കൂളുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | പ്രൊഫ. സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർക്കാർ നേരിട്ട് നടത്തുന്ന എത്ര മോഡൽ നഴ്സറി സ്കൂളുകളുണ്ട്; | (എ) | സംസ്ഥാനത്ത് സർക്കാർ നേരിട്ട് നടത്തുന്ന 25 മോഡൽ നഴ്സറി സ്കൂളുകളുണ്ട്. |
| (ബി) | ഇവയിൽ എത്ര സ്കൂളുകൾക്ക് സ്വന്തമായി കെട്ടിടങ്ങളുണ്ട്; ഈ കെട്ടിടങ്ങളിലെ പലതും ശോച്യാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | 9 സ്കൂളുകൾ സ്വന്തം കെട്ടിടത്തിലും മറ്റുള്ളവ സർക്കാർ സ്കൂളുകളോട് ചേർന്നുമാണ് പ്രവർത്തിക്കുന്നത്. സ്കൂൾ കെട്ടിടം ശോച്യാവസ്ഥയിലാണെന്ന റിപ്പോർട്ട് ലഭിച്ചിട്ടില്ല. എന്നാൽ കോഴിക്കോട് ജില്ലയിൽ സ്വന്തം കെട്ടിടത്തിൽ സ്ഥിതി ചെയ്യുന്ന 2 സ്കൂളുകൾക്ക് സൗകര്യങ്ങൾ അപര്യാപ്തമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | ഇത്തരം നഴ്സറി സ്കൂളുകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും അടിസ്ഥാന സൗകര്യവികസനത്തിന് എന്തെങ്കിലും സഹായം ലഭ്യമാണോ; ഇല്ലെങ്കിൽ എന്താണതിന്റെ കാരണമെന്ന് അറിയിക്കാമോ; | (സി) | പാലക്കാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ സ്കൂളുകൾ ഒഴികെ മറ്റു ജില്ലകളിലെ സ്കൂളുകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സഹായം ലഭിക്കുന്നുണ്ട്. |
| (ഡി) | ശോച്യാവസ്ഥയിലായ ഇത്തരം നഴ്സറി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് സർക്കാർ പ്രത്യേക സഹായം അനുവദിക്കുമോ; | (ഡി) | സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിക്കുന്ന ശുപാർശകൾ പരിശോധിച്ച് സർക്കാർ ആവശ്യമായ സഹായം അനുവദിച്ചുവരുന്നുണ്ട്. |
| (ഇ) | സംസ്ഥാനത്ത് കൂടുതൽ സർക്കാർ മോഡൽ നഴ്സറി സ്കൂളുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ? | (ഇ) | ഇപ്പോൾ പരിഗണനയിലില്ല. |

Sheela H

സെക്ഷൻ ഓഫീസർ